I ഇ.ബി. XIV - കേരള നിയമസഭ/XV-18

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

# (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂലൈ 01, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

## I അടിയന്തരപ്രമേയം

കസ്റ്റഡി മരണം

മി. സ്പീക്കർ: നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ ക്രൂരമായ മർദ്ദനത്തെത്തുടർന്ന് രാജ്കുമാർ മരിക്കാനിടയായ സംഭവത്തിൽ നിരപരാധികളായ നാട്ടുകാർക്കെതിരെ കേസ്സെടുത്ത് പോലീസുകാരെ സംരക്ഷിക്കാനും കേസ് ദുർബ്ബലപ്പെടുത്താനുമുള്ള ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ,

മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 15-06-2019-ന് രാജ്കുമാറിനെ അറസ്റ്റ് ചെയ്യുകയും ശാരീരിക അവശതകൾമൂലം അന്നേദിവസം രാത്രി നെടുങ്കണ്ടം താലൂക്കാശുപത്രിയിലെത്തിച്ച് ചികിത്സ നൽകുകയും 16-06-2019-ന് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തതായാണ് രേഖയിലുള്ളത്. നടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന അദ്ദേഹത്തെ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടിയാണ് സെല്ലിൽ എത്തിച്ചതെന്നും 18-06-2019-ന് ദേഹാസ്വാസ്ഥ്യംമൂലം പീരുമേട് താലൂക്കാശുപത്രിയിലെത്തിച്ചെങ്കിലും അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകിയില്ലെന്നും 19, 20 തീയതികളിൽ കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിലെത്തിച്ചപ്പോൾ അവിടെ ചികിത്സ നൽകിയെങ്കിലും അഡ്മിറ്റ് ചെയ്തില്ലെന്നും 21-06-2019-ന് രാവിലെ 10.20-ന് ശ്വാസതടസ്സമനുഭവപ്പെട്ടതുമൂലം പീരുമേട് താലൂക്കാശുപത്രിയിൽ പ്രവേശിപ്പിക്കുകയും 10.45-ന് മരണപ്പെടുകയും ചെയ്തുവെന്നാണ് ജയിൽ ഡി.ജി.പി.-യുടെ റിപ്പോർട്ട്. രാജ്കുമാർ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പീരുമേട് പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് മൃതദേഹം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് തയ്യാറാക്കി കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ക്രൈംബ്രാഞ്ചിന് കൈമാറിയ കേസ്

എ.ഡി.ജി.പി. ക്രൈംസിന്റെ ഉത്തരവുപ്രകാരം പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് അന്വേഷണം കാര്യക്ഷമമായി നടക്കുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും മറ്റുചിലരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. രാജ്കുമാറിനെ നാട്ടുകാർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മെമ്പർ ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പീരുമേട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: രാജ്കുമാറിന്റെ കസ്റ്റഡിമരണത്തിൽ നാട്ടുകാരെ പ്രതിചേർത്ത് കുറ്റവാളികളെ രക്ഷിക്കുന്നതിനും കേസ് ദുർബ്ബലപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. 15-ാം തീയതിയാണ് രാജ്കുമാറിനെ അറസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ജൂൺ 12-ാം തീയതി വൈകുന്നേരമാണ് കേസ്സുമായി ബന്ധപ്പെട്ട രണ്ട് യുവതികളെയും രാജ്കുമാറിനെയും നാട്ടുകാർ പോലീസിൽ ഏൽപ്പിച്ചത്. രാജ്കുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അടുത്തദിവസം നിർബന്ധപൂർവ്വം ഡിസ്ചാർജ് വാങ്ങി ഇടുക്കി മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കിയശേഷം ജയിലിലേയ്ക്ക് അയയ്ക്കുകയാണുണ്ടായത്. യഥാസമയം ചികിത്സ ലഭിക്കാതെയാണ് രാജ്കുമാർ

മരണപ്പെട്ടത്. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തംഗം എസ്.പി.-ക്ക് നൽകിയ പരാതിയിലാണ് രാജ്കുമാറിനെ നാട്ടുകാർ തല്ലിയതെന്ന് പറയപ്പെടുന്നത്. കേസന്വേഷണം നടത്തുന്ന ഡിവൈ.എസ്.പി. ഉൾപ്പെടെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പല പോലീസ് ഉദ്യോഗസ്ഥരും തട്ടിപ്പുകൾ നടത്തിയതിന് ശിക്ഷാനടപടികൾക്ക് വിധേയരായിട്ടുള്ളവരാണ്. ഡീഹൈഡ്രേഷനും ഉരുട്ടൽ ഉൾപ്പെടെയുള്ള ക്രൂരപീഡനവുമാണ് രാജ്കുമാറിന്റെ മരണകാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നത്. നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ നടന്ന സംഭവങ്ങൾ യഥാസമയം അറിഞ്ഞില്ലെന്ന് അവകാശപ്പെടുന്ന ഇടുക്കി എസ്.പി.-ക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): രാജ്കുമാറിന്റെ കസ്റ്റഡിമരണത്തിന് ഉത്തരവാദികളായ ജില്ലയിലെ ഉയർന്ന പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കെതിരെയും ടിയാനെ നാട്ടുകാർ ആക്രമിച്ചിരുന്നുവെന്ന പരാതിയിന്മേലും കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തരമായി പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നതാണ്. തെറ്റ് ചെയ്യുന്ന പോലീസുദ്യോഗസ്ഥരെ ന്യായീകരിക്കുന്ന നിലപാട് അവസാനിപ്പിക്കുന്നതാണ്. പോലീസുകാർ തങ്ങളുടെ

അധികാരപരിധിയിൽപ്പെടാത്ത പ്രവൃത്തികളിൽ ഏർപ്പെടുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉത്തരവാദികളെ ശക്തമായ നടപടിക്ക് വിധേയമാക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) <u>തീരസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വേനൽക്കാലത്തും അപ്രതീക്ഷിതമായി കടലാക്രമണമുണ്ടാകുന്നതിനാൽ തീരദേശമേഖലയിലെ ജനങ്ങൾ ആശങ്കാകുലരാണ്. മദ്രാസ് ഐ.ഐ.ടി.-യുടെയും മറ്റും പഠനങ്ങൾ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം. കടലാക്രമണം രൂക്ഷമായ മേഖലകൾ മുൻകൂട്ടി

അടയാളപ്പെടുത്തി കടൽ കയറുന്നതുമൂലം നഷ്ടപ്പെടുന്ന തീരം വീണ്ടെടുക്കുന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പഠനം കാലതാമസമുണ്ടാക്കുമെന്നതിനാൽ കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങളിൽ ഡിസംബർ മുതൽ പ്രാഥമിക നടപടികൾ ആരംഭിക്കാനും തീരദേശവാസികളുടെ അശാന്തിക്ക് പരിഹാരം കാണാനും നടപടി സ്വീകരിക്കണം. പുലിമുട്ട് നിർമ്മാണത്തിന് സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെയുടെ പഠനം ആവശ്യമാണ്. കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കടലാക്രമണമുള്ള തീരദേശ മേഖലകളിലെ പുലിമുട്ട് നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കടലോര മണ്ഡലങ്ങളിലുള്ള എം.എൽ.എ.-മാരെ ഉൾപ്പെടുത്തി യോഗം വിളിക്കാനും തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കേരളത്തിലെ കടൽത്തീരങ്ങളിൽ 366 കിലോമീറ്ററോളം ദൂരം പരമ്പരാഗത മാർഗ്ഗങ്ങളാൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 2004-ലെ സുനാമിയുടെ പശ്ചാത്തലത്തിൽ മദ്രാസ് ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ദുർബ്ബലമായ കടലോര മേഖലകൾ തിരിച്ചറിഞ്ഞ് തീരദേശസംരക്ഷണത്തിനായി പൊതുവായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനുമായി ഗ്രോയിൻഫീൽഡ് നിർമ്മാണം, പ്ലാന്റേഷൻസ് ട്രെയിനിംഗ്

വാൾസ്, ജിയോ സിന്തറ്റിക്സ് ഉപയോഗിച്ചുള്ള ഗാബിയോൺ, ജിയോട്യൂബ് മുതലായ സംരക്ഷണ മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിശദമായ പ്രാദേശികപഠനം നടത്തി രൂപരേഖ തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുമുമ്പ് വിശദമായ പര്യവേക്ഷണം നടത്തി ന്യൂമറിക്കൽ/ഫിസിക്കൽ മോഡലിംഗ് നടത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിലെ തീരദേശങ്ങളിൽ പ്രദേശനിർദ്ദിഷ്ട പഠനം നടത്തി കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) കുടിവെള്ള ലഭ്യതയും വിതരണവും

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സംസ്ഥാനത്തെ കുടിവെള്ള ലഭ്യതയും വിതരണവും സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കടൽവെള്ള ശുദ്ധീകരണത്തിന് ഡീ-സാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): നബാർഡ്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, നീതി ആയോഗ് എന്നിവിടങ്ങളിൽനിന്നും ധനസഹായം ലഭ്യമാക്കി ചെറുതും വലുതുമായ 78 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 350

ദശലക്ഷം ലിറ്റർ കുടിവെള്ളം അധികമായി ഉല്പാദിപ്പിക്കുകയും 579002 അധിക വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കാത്തതുമൂലം മെയിന്റനൻസ് കരാറുകൾ ഏറ്റെടുക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സാധിക്കാത്തതിനാൽ ബാങ്ക് വായ്പ ആവശ്യപ്പെടുന്ന കരാറുകാർക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്. കൊച്ചി നഗരത്തിനും വിശാലകൊച്ചി മേഖലയിലെ 5 മുനിസിപ്പാലിറ്റികൾക്കും 13 സമീപ പഞ്ചായത്തുകൾക്കുംവേണ്ടി രൂപകല്പന ചെയ്തിട്ടുള്ള 135 എം.എൽ.ഡി. ജലശുദ്ധീകരണശാല ആലുവയിൽ സ്ഥാപിക്കുന്നതിന് സർവ്വേ, രൂപകല്പന എന്നിവ പൂർത്തീകരിച്ച് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്. വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കാരണമുണ്ടാകുന്ന കുടിവെള്ളക്ഷാമം ലഘൂകരിക്കാൻ സ്രോതസ്സുകളിൽ പരമാവധി ജലം സംഭരിക്കാനും ലഭ്യമായ ജലം സൂക്ഷ്മതയോടെ വിനിയോഗിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## III സബ്മിഷൻ

### (1) കേരള കലാമണ്ഡലത്തിന്റെ സബ്സെന്റർ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഏവൂരിലെ കേരള കലാമണ്ഡലത്തിന്റെ സബ്സെന്റർ നിർത്തലാക്കാനുള്ള തീരുമാനം

പുന:പരിശോധിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): യു.ജി.സി.-യുടെ വ്യവസ്ഥകളനുസരിച്ച് നാക് അക്രെഡിറ്റേഷനോ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് റാങ്കിംഗോ ലഭിച്ചതിനുശേഷം മാത്രമേ ഓഫ് ക്യാമ്പസുകൾ ആരംഭിക്കാൻ പാടുള്ളൂവെന്നതിന്റെ അടിസ്ഥാനത്തിൽ കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി മുഴുവൻ പഠനകളരികളും നിർത്തലാക്കാൻ തീരുമാനിക്കുകയും പുതിയ വിദ്യാർത്ഥി പ്രവേശനം നടത്താൻ പാടില്ലെന്ന് അറിയിക്കുകയും ചെയ്തു. യു.ജി.സി.-യുടെ പ്രത്യേക അനുമതി ലഭിച്ചാൽ നാക്-ന്റെയും എൻ.ഐ.ആർ.എഫ്.-ന്റെയും റാങ്കിംഗ് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതാണ്. കോഴ്സുകൾ മികച്ച രീതിയിൽ നടക്കുന്ന ഏവൂർ സെന്റർ നിർത്തലാക്കേണ്ടതില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് റാങ്കിംഗ് ലഭ്യമാക്കുന്നതിന് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് തുടർനടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

### (2) ആൾക്കൂട്ട ആക്രമണങ്ങൾ

ഡോ. എം. കെ. മുനീർ: ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ആൾക്കൂട്ട ആക്രമണങ്ങളെയും കൊലപാതകങ്ങളെയും അപലപിച്ചുകൊണ്ട് പ്രമേയം

പാസ്സാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും തയ്യാറാകണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരെ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ആൾക്കൂട്ട ആക്രമണങ്ങൾ തടയുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാന പോലീസ് മേധാവി ഇക്കാര്യത്തിൽ ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സമൂഹമാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള പ്രചരണങ്ങൾ തടയുന്നതിന് ഒരു പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ പ്രമേയം കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(3) അടയ്ക്ക കർഷകർക്കുള്ള നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിക്കാർക്ക് അനുവദിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2018 ആഗസ്റ്റ്

മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് നശിച്ചുപോയ കവുങ്ങുകൾക്ക് നഷ്ടപരിഹാരമായി 45,02,005 രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയിലെ അംഗങ്ങൾക്കുള്ള നഷ്ടപരിഹാരവും വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ 'കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി' എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തുകയും 2 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) കാരുണ്യ ബെനവലന്റ് പദ്ധതി

ശ്രീ. പി. ജെ. ജോസഫ്: ആവശ്യമായ ഭേദഗതി വരുത്തി കാരുണ്യ ബെനവലന്റ് പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ആയുഷ്മാൻ ഭാരത് എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കേണ്ടതുള്ളതിനാലും പദ്ധതിയിലെ ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷം രൂപവരെയായതിനാലും കാരുണ്യ ബെനവലന്റ് പദ്ധതി തുടരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ആയുഷ്മാൻ ഭാരത് പദ്ധതിയിൽ എ.പി.എൽ.

ഉൾപ്പെടെ 42 ലക്ഷം കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള കാരുണ്യ പദ്ധതിയുടെ പേരിന് മാറ്റം വരുത്താതെ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയെന്ന പേരിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഹീമോഫീലിയ രോഗികളേയും മറ്റ് രോഗങ്ങളുള്ളവരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ഉത്തരവിറക്കുന്നതാണ്. ഇൻഷ്വറൻസ് സംബന്ധിച്ച വ്യക്തത വരുന്നതുവരെ ആർ.സി.സി. പോലുള്ള ആശുപത്രികൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തുന്നതാണ്. കാരുണ്യ പദ്ധതി പ്രകാരം ഹെൽത്ത് കാർഡുള്ള 60 ശതമാനം ആളുകളും പുതിയ പദ്ധതിയിലേയ്ക്ക് മാറിയ സാഹചര്യത്തിൽ ബാക്കിയുള്ളവരെയും പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(5) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. മുഹമ്മദ് മുഹസിൻ പി.: തിരുവേഗപ്പുറ, വിളയൂർ, പട്ടാമ്പി എന്നിവിടങ്ങളിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്, തടയണകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പട്ടാമ്പി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിനും നെൽകൃഷി അടക്കമുള്ള

കൃഷികൾക്കുമായി തിരുവേഗപ്പുറ പഞ്ചായത്തിൽ ഒരു ആർ.സി.ബി.യും വിളയൂരിൽ ഒരു തടയണയും പട്ടാമ്പിയിൽ ഒരു റെഗുലേറ്ററും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ തുടർനടപടികൾ സ്വീകരിക്കാൻ ചുമതലപ്പെടുത്തുകയും കിഫ്ബിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ആവശ്യമായ ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ വിളിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (6) കോട്ടയം ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം ജനറലാശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോട്ടയം ജനറൽ ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 9 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 48 പേരെ നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനുള്ള

ഏർപ്പാട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒ.പി.-യുടെ ആധുനികവൽക്കരണവും വാർഡുകളുടെ നവീകരണവും പുരോഗമിക്കുകയാണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശ്വാസ് ക്ലിനിക്, സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റ്, ഡയബറ്റിക് ഫുഡ് ക്ലിനിക് എന്നിവയടക്കം ആരംഭിക്കുകയും പ്രസ്തുത ആശുപത്രിയെ കിഫ്ബിയിലുൾപ്പെടുത്തുന്നതിന് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-മായി ചർച്ച നടത്തി പേവാർഡ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) <u>ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

<u>ശ്രീമതി യു. പ്രതിഭ</u>: കായംകുളം താലൂക്കാശുപത്രിയിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: കായംകുളം താലൂക്കാശുപത്രിയെ ആർദ്രം

പദ്ധതിയിലും ദേശീയ ആരോഗ്യ ദൗത്യത്തിലും ഉൾപ്പെടുത്തി 18 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ട്രോമാകെയർ, സി.റ്റി. സ്കാൻ അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 8 ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത താലൂക്കാശുപത്രിയെ നവീകരിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ.-ന് അനുമതി ലഭിക്കുന്നമുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(8) എയർ ആംബുലൻസ്

ശ്രീ. പാറക്കൽ അബ്ദുല്ല: സംസ്ഥാനത്ത് എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ എയിംസിന്റെ സഹായത്തോടെ ലെവൽ വൺ നിലവാരത്തിലുള്ള ട്രോമാ കെയർ സംവിധാനം പൂർത്തിയായി വരികയാണ്. 30 കിലോമീറ്ററിനുള്ളിൽ

ജീവൻരക്ഷാ സംവിധാനങ്ങളോടുകൂടിയ 315 ആംബുലൻസുകൾ വിന്യസിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. ഒരു സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. എയർ ആംബുലൻസ് സംവിധാനം വൻതോതിലുള്ള ചെലവ് വരുമെന്നതിനാൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കാൻ കഴിയില്ല.

### (9) അണ്ടർ പാസ്സേജ് നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി കോടതി ജംഗ്ഷനോട് ചേർന്നുള്ള അണ്ടർ പാസ്സേജിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചാലക്കുടി അണ്ടർ പാസ്സേജിന്റെ നിർമ്മാണത്തിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും 2008-ൽ അനുമതി ലഭിച്ചെങ്കിലും ലൊക്കേഷനുമായി ബന്ധപ്പെട്ട തർക്കംമൂലം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിപ്പിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെടുകയും 2020-ൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. സ്ഥലവാസികളുടെ എതിർപ്പ് നിർമ്മാണപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. അണ്ടർ പാസ്സേജിന്റെ നിർമ്മാണം

ത്വരിതപ്പെടുത്തണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### (10) ചട്ടങ്ങളുടെ രൂപീകരണം

ശ്രീ. ജെയിംസ് മാത്യു: സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലും ഫാം ലൈസൻസിംഗ് ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കൃഷി, മൃഗസംരക്ഷണം, സംയോജിത കൃഷി എന്നിവയുടെ വ്യാപനത്തിന് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും തടസ്സം സൃഷ്ടിക്കുന്നതായുള്ള പരാതി പരിശോധിച്ച് മൃഗസംരക്ഷണ മേഖലയിൽ ലളിതവും സുതാര്യവുമായ ചട്ടങ്ങളും നിബന്ധനകളും രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## IV റിപ്പോർട്ടുകളുടെ സമർപ്പണം

(1) IV, V, IX എന്നീ സബ്ജക്ട് കമ്മിറ്റികളുടെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V ക്രമപ്രശ്നം

കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായവയുടെ റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന ചട്ടം പാലിക്കപ്പെടാത്തതിനാൽ ധനാഭ്യർത്ഥന ചർച്ചയിൽ ഈ വിഷയത്തിൽ സാമാജികർക്ക് ഫലപ്രദമായി ഇടപെടാനുള്ള അവസരം നഷ്ടപ്പെടുകയാണ്. കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് സഭയോടുള്ള അനാദരവായതിനാൽ ഈ വിഷയത്തിൽ റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ചട്ടമനുസരിച്ച് സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ

കാലതാമസം നേരിടുന്നപക്ഷം ഡിലേ സ്റ്റേറ്റുമെന്റുകൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രി സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. കാലഹരണപ്പെട്ട റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തുകയാണ്. ഇക്കാര്യം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടപ്രകാരം രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചതായും തുടർന്നും ആവശ്യമായ ഇടപെടലുണ്ടാകുമെന്ന മന്ത്രിയുടെ ഉറപ്പും മുഖവിലയ്ക്കെടുക്കുന്നു. ചട്ടപ്രകാരം രേഖകൾ സഭയുടെ മേശപ്പുറത്ത് യഥാസമയം വയ്ക്കുന്നതിന് ലഭ്യമാക്കുന്നുണ്ടോയെന്നകാര്യം നിരീക്ഷിക്കാനും അല്ലാത്തപക്ഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതല മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽ നിക്ഷിപ്തമാക്കിയാൽ ഭാവിയിൽ ഇത്തരത്തിലുള്ള പരാതികൾ പ്രസ്തുത സമിതിക്ക് പരിശോധിക്കാനും നടപടികൾ സ്വീകരിക്കാനും കഴിയുമെന്നകാര്യം അറിയിക്കുന്നതോടൊപ്പം അതിന്മേൽ തുടർനടപടികളുണ്ടാകുമെന്നും റൂൾ ചെയ്യുന്നു.

## VI ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീമതി പി. അയിഷാ പോറ്റി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചട്ടലംഘനം നടന്നിട്ടുണ്ടോയെന്നുള്ളത് ഓരോ ഘട്ടത്തിലും പരിശോധിക്കാനുള്ള നടപടിയുണ്ടാകണം. നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനും സമഗ്ര വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും വിലക്കയറ്റം തടയുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. സ്ത്രീകൾക്ക് തൊഴിലും സുരക്ഷിതത്വവും ഉറപ്പുവരുത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ

ശാശ്വതപരിഹാരം കാണുന്നതിനും ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനും തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനും നിർമ്മാണമേഖലയിലെ പ്രതിസന്ധി അവസാനിപ്പിക്കുന്നതിനും സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പാറക്കൽ അബ്ദുല്ല: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ ധൂർത്തും ദുർവ്യയവുമാണ് സംസ്ഥാനത്ത് പൊതുകടവും ആളോഹരി കടവും വർദ്ധിക്കാനിടയായത്. കാർ പൂളിംഗ് സംവിധാനം നടപ്പിലാക്കുന്നതിനും എല്ലാ ജില്ലകളിലും വഖഫ് ട്രിബ്യൂണലുകളുടെ ക്യാമ്പ് സിറ്റിംഗ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. സീസൺ സമയത്ത് കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനും അമിത ടിക്കറ്റ് ചാർജ് ഈടാക്കുന്ന വിമാനക്കമ്പനികളുടെ സമീപനം അവസാനിപ്പിച്ച് യാത്രാപ്രശ്നം പരിഹരിക്കുന്നതിനും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യങ്ങൾ റീ-സൈക്കിൾ ചെയ്യുന്നതിനാവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കണം.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

നിലവാരമുള്ള റോഡുകൾ നിർമ്മിച്ചതും സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടമാണ്. സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും കുളങ്ങളും കനാലുകളും നവീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. സി. മമ്മത് കോയ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്തമേഖലകളിലും പുരോഗതി നേടാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന പല ആനുകൂല്യങ്ങളും കൊടുത്തുതീർക്കുകയും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് വീടുകളിൽ എത്തിക്കുകയും കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലൂടെ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയുന്ന അവസ്ഥയിലെത്തിക്കുകയും വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിലൂടെ ധനസമാഹരണം നടത്തുകയും ചെയ്തത് സർക്കാരിന്റെ നേട്ടങ്ങളാണ്. വ്യവസായമേഖലയിൽ നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: വിഭവസമാഹരണം നടത്താൻ കഴിയാത്ത

അവസ്ഥയിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. സംസ്ഥാനത്ത് പോലീസിന്റെ നരനായാട്ട് അവസാനിപ്പിക്കാനും പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട രാജ്കുമാറിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും തയ്യാറാകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാടിന്റെ വികസനത്തിനുവേണ്ടി നിക്ഷേപങ്ങൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താനും ജലസ്രോതസ്സുകൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. നിപ വൈറസ് ബാധ നിയന്ത്രണവിധേയമാക്കാൻ സാധിച്ചതും ആരോഗ്യ-കാർഷിക മേഖലകളിൽ നിക്ഷേപം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തി ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കണം.

<u>ശ്രീ. എം. നൗഷാദ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആസന്നമാകുന്ന 15-ാം ധനകാര്യകമ്മീഷൻ റിപ്പോർട്ടുപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട വായ്പാപരിധി കുറയാവുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിച്ചും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ മതിയായ തസ്തികകൾ സൃഷ്ടിച്ചും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ

പണം കണ്ടെത്തി സാമ്പത്തിക സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടുമുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്.

ശ്രീ. വി. ജോയി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത്, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ നേട്ടം കൈവരിക്കുന്നതിനും കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം കാര്യക്ഷമമാക്കുന്നതിനും കയറുല്പന്നങ്ങൾക്ക് വിലയും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും ഉറപ്പുവരുത്തി കയർമേഖല പുനരുജ്ജീവിപ്പിക്കണം. സഹകരണ മേഖലയെ പരിപോഷിപ്പിക്കാനും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കാനും പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് നിശ്ചിത ശതമാനം തുക മുൻകൂറായി നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസം, നഗരവികസനം, ഗതാഗതം, വനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ മൗലികചിന്ത വളർത്തുന്നതിന് സ്കൂൾ വിദ്യാഭ്യാസം മാതൃഭാഷയിൽ നടപ്പിലാക്കണം. പ്രളയാനന്തര കേരളത്തിൽ സർക്കാർ

നടപ്പിലാക്കുന്ന പദ്ധതികളെ എതിർക്കുന്ന സമീപനം പ്രതിപക്ഷം അവസാനിപ്പിക്കണം.

ശ്രീ. പി. കെ. ബഷീർ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതി വിഹിതം ചെലവഴിക്കപ്പെടാതെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാകാത്ത അവസ്ഥയാണ് സംസ്ഥാനത്തുള്ളത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി നിയമിച്ച സമിതിയുടെ പ്രവർത്തനം പരിശോധിക്കപ്പെടണം. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ മറവിൽ രാജ്യാന്തര ധനസമാഹരണം ലക്ഷ്യംവയ്ക്കുന്നതും പദ്ധതിയിൽ ആസൂത്രണ ബോർഡിനെ ഉൾപ്പെടുത്താത്തതും ആശങ്കാജനകമാണ്; ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ത്രിതല പഞ്ചായത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറികളിൽ ലഭിച്ച ബില്ലുകളുടെ തുക നടപ്പുവർഷം നൽകുമെന്ന ഉത്തരവ് തെറ്റിദ്ധാരണാജനകമാണ്.

ശ്രീ. എസ്. ശർമ്മ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതു വിദ്യാഭ്യാസ മേഖലയിലെ സർക്കാരിന്റെ പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. സംസ്ഥാനത്തിന്റെ വികസന പശ്ചാത്തലത്തെ പുതിയ പന്ഥാവിലേയ്ക്ക് നയിക്കാനും ബഡ്ജറ്റേതര വരുമാനത്തിലൂടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ തടസ്സമില്ലാതെ പൂർത്തിയാക്കാനും വികസനത്തിന് പുതിയ അടിത്തറ രൂപപ്പെടുത്താനും കിഫ്ബി

പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയ നടപടി ശ്ലാഘനീയമാണ്.

ശ്രീ. പി. ജെ. ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാത സമയബന്ധിതമായി പൂർത്തിയാക്കണം. വിദേശഭാഷകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസമേഖലയിൽ കോഴ്സുകൾ പരിഷ്കരിക്കണം. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം. എക്സ്പ്രസ് ഹൈവേ യാഥാർത്ഥ്യമാക്കണം. ഹോംസ്റ്റെഡ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും നാട്ടറിവുകൾ പ്രയോജനപ്പെടുത്തുന്നതിനും മുൻഗണന നൽകണം.

ശ്രീ. വി. ഡി. സതീശൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പകർച്ചവ്യാധി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പുതിയ ആരോഗ്യ നയത്തെപ്പറ്റി ആലോചിക്കണം. പദ്ധതി വിഹിതം ചെലവഴിക്കുന്നതിലും ബഡ്ജറ്റ് പെർഫോമൻസിലും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ മുൻകൂട്ടി പരിഹരിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മലിനജല സംസ്കരണവുമായി ബന്ധപ്പെട്ട കൺസൾട്ടൻസി കരാറിലെ ക്രമക്കേടിനെപ്പറ്റിയും രക്തദാതാക്കളെ ചൂഷണം ചെയ്യുകയും രക്തദാനമേഖലയെ വാണിജ്യവൽക്കരിക്കുകയും ചെയ്യുന്ന കരാർ റദ്ദ് ചെയ്തിട്ടും കരാറുമായി മുന്നോട്ട്

പോകാനിടയായ സാഹചര്യത്തെക്കുറിച്ചും അന്വേഷിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഈ സർക്കാർ അധികാരത്തിൽവന്നശേഷം നികുതി ചോർച്ച തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ചിരുന്ന ഇൻപുട്ട് ടാക്സ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കുറച്ച കേന്ദ്രസർക്കാർ സമീപനം അംഗീകരിക്കാവുന്നതല്ല. വാട്ടർ അതോറിറ്റിയിലെ സർക്കാർ വായ്പയായ 753 കോടി രൂപ ഇക്വിറ്റിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. റീബിൽഡ് കേരളയുടെ ഭാഗമായി കൃഷി വകുപ്പിന്റെ പ്രോജക്ടുകൾക്കും റിവർ ബേസിൻ അതോറിറ്റിക്കും ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി കോമൺ സർവ്വീസ് പെൻഷൻ ഫണ്ടിനായി 50 കോടി രൂപയും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിനും സെന്റർ ഫോർ കോസ്റ്റൽ ഹെറിറ്റേജ് സ്റ്റഡീസിനും ആവശ്യമായ പണം അനുവദിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ ആവശ്യത്തിനായി എ.പി.ആർ. നമ്പർ റീഡർ ഘടിപ്പിച്ച വാഹനവ്യൂഹം പരീക്ഷണാടിസ്ഥാനത്തിൽ സജ്ജീകരിക്കുന്നതാണ്. സഹകരണ മേഖലയുടെ ഉന്നമനത്തിനായി സർക്കാരിന്റെ വിവിധ ഫണ്ടുകൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. എ.ഡി.എഫ്. പ്രവൃത്തികളുടെ

എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി ഈ വർഷം 1000 കോടി രൂപ അനുവദിക്കുകയും പണലഭ്യതയ്ക്കനുസരിച്ച് കൂടുതൽ തുക ലഭ്യമാക്കുകയും ചെയ്യുന്നതാണ്. കയറുൽപ്പാദനം പരമ്പരാഗത റാട്ടിൽനിന്ന് ഇലക്ട്രോണിക് റാട്ടിലേയ്ക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഉൽപ്പാദനച്ചെലവ് കുറച്ച് കയറിന്റെ വില മത്സരാധിഷ്ഠിതമായി മാറ്റാനും സാങ്കേതികവിദ്യയിൽ മാറ്റംവരുത്തി വ്യവസായത്തെ പുന:സംഘടിപ്പിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം സമർപ്പിച്ച ബില്ലുകൾക്ക് ഈ വർഷത്തെ അലോക്കേഷനിൽനിന്നും പണം ലഭ്യമാക്കുന്നതാണ്.

## VII വ്യക്തിപരമായ വിശദീകരണം

(1) <u>ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അഴിമതിയാരോപണം</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത് സംബന്ധിച്ച ആക്ഷേപം അടിസ്ഥാനരഹിതമാണ്. ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലുമായി സ്വീവേജ് ആൻഡ് സെപ്റ്റേജ് സെക്ടറിൽ 629

കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 115 പ്രോജക്ടുകൾ വാട്ടർ അതോറിറ്റിയാണ് നടപ്പാക്കുന്നത്. അമൃത് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏതുതരം സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടില്ല. 23-12-2017-ന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിക്ക് എ.എസ്. ലഭിക്കുകയും കൺസൾട്ടന്റായ റാം ബയോളജിക്കൽസ് 05-01-2018-ന് സെപ്റ്റേജ് പ്രോജക്ടിനെക്കുറിച്ചുള്ള പ്രസന്റേഷൻ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കുകയും സംശയങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ നിരവധി സ്ഥാപനങ്ങളിൽ ഈ സാങ്കേതികവിദ്യ ഉപയോഗിക്കുകയും ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തുകയും മെച്ചപ്പെട്ട സാങ്കേതികവിദ്യയാണിതെന്ന് നിർദ്ദേശിക്കുകയും ചെയ്തതിനെത്തുടർന്നാണ് അംഗീകരിച്ചത്. ടെണ്ടർ നിബന്ധനകൾക്ക് വിധേയമായി അതാത് നഗരസഭകൾ/കോർപ്പറേഷനുകളാണ് ഇത് നിർവ്വഹിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തിറക്കിയ ഉത്തരവനുസരിച്ചാണ് റാം ബയോളജിക്കൽസ് എന്ന കമ്പനിയെ എംപാനൽ ചെയ്തിട്ടുള്ളത്.

(2) <u>പ്ലാസ്മയുടെ വില്പനയുമായി ബന്ധപ്പെട്ട അഴിമതിയാരോപണം</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: തികച്ചും അടിസ്ഥാനരഹിതമായ ആരോപണമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ബ്ലഡ് ബാങ്കുകളിൽ രക്തഘടകങ്ങൾ വേർതിരിക്കുമ്പോൾ പ്രതിവർഷം അനേകം യൂണിറ്റ് പ്ലാസ്മയാണ് എക്സ്പയറിയാകുന്നത്. എക്സ്പയറിയാകുന്നതിനുമുമ്പ് ഇവ കൈമാറ്റം ചെയ്യണമെന്നും കൈമാറ്റം ചെയ്യുമ്പോൾ ആവശ്യമായ മറ്റ് ഫാക്ടറുകൾ  വാങ്ങുകയോ അല്ലെങ്കിൽ ലിറ്ററിന് 1600 രൂപ നിരക്കിൽ പണമായി സ്വീകരിക്കുകയോ ചെയ്യാമെന്നും മാർക്കറ്റിൽ ഇടപെട്ട് കംപോണന്റ്സ് സെപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും 2012-ൽ NACO ഉത്തരവുണ്ടായിരുന്നു. അതിന് പരിഹാരം കാണുന്നതിനായി 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയമിക്കുകയും ടെണ്ടർ നടപടിക്കാവശ്യമായ ഫോർമാറ്റ് തയ്യാറാക്കുകയും ചെയ്തെങ്കിലും 2015-ൽ അടിയന്തരമായി മാർക്കറ്റിൽ ഇടപെട്ട് പ്ലാസ്മ നശിപ്പിക്കാതെ കൈമാറ്റം ചെയ്യണമെന്ന് NACO ആവശ്യപ്പെടുകയാണുണ്ടായത്. സുതാര്യമായ രീതിയിൽ കൈമാറ്റം ചെയ്യുന്നതിനായി 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാക്കിയ ടെണ്ടർ ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ടെണ്ടർ വിളിക്കുകയും റിലയൻസ് ലൈഫ് സയൻസസ്, ലിറ്ററിന്

2200 രൂപ ക്വാട്ട് ചെയ്യുകയും സർക്കാരിന്റെയും നിയമവകുപ്പിന്റെയും പിന്തുണയോടെ ഉയർന്ന തുക ക്വാട്ട് ചെയ്ത പ്രസ്തുത കമ്പനിയുടെ ക്വട്ടേഷൻ അംഗീകരിച്ച് പ്ലാസ്മ കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. അതത് സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്മ ശേഖരിക്കുമ്പോൾ ആ സ്ഥാപനത്തിന് ആവശ്യമായ ഫാക്ടറുകൾ നൽകണമെന്നും അല്ലാത്തപക്ഷം പണം സ്വീകരിക്കാമെന്നും സ്വീകരിക്കുന്ന പണം സർക്കാർ നിയന്ത്രണത്തിലുള്ള അതത് ബ്ലഡ് ബാങ്കുകളുടെ വികസനത്തിനായി ഉപയോഗിക്കണമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇതെല്ലാം കൃത്യമായി ഓഡിറ്റ് ചെയ്യുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചതെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് തെറ്റിദ്ധാരണാജനകമായ ആരോപണം ഉന്നയിച്ചിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഉത്തരവാദിത്വത്തോടുകൂടി സഭയിലുന്നയിച്ച രണ്ട് ആരോപണങ്ങളെക്കുറിച്ചും അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇവിടെ ഉന്നയിച്ച ആരോപണങ്ങൾക്ക് രണ്ട് മന്ത്രിമാരും വ്യക്തമായ മറുപടി നൽകിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് യാതൊരന്വേഷണവും നടത്തേണ്ടതായിട്ടില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്കു സേവനനികുതിയും കാർഷികാദായ നികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.